**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1121** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വേ നടപടികളുടെ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും കൃത്യവും ആധുനികവുമായ ഡിജിറ്റൽ സർവെ രേഖകൾ തയ്യാറാക്കി പൊതുജനങ്ങൾക്ക് സമയബന്ധിതവും സുതാര്യവുമായ ഭൂസേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2022 നവംബറിൽ ആരംഭിച്ച "എന്റെ ഭൂമി" ഡിജിറ്റൽ സർവെ പദ്ധതി 2023 ആഗസ്റ്റ് മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കി വരികയാണ്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഡിജിറ്റൽ സർവെ നാല് വർഷം കൊണ്ട് പൂർത്തികരിക്കുക എന്നതായിരുന്നു പദ്ധതിയുടെ പ്രാരംഭ ലക്ഷ്യം.

പദ്ധതിയുടെ പൂർത്തീകരണ കാലയളവ് ആവശ്യമായ ധനസഹായത്തിന്റെ ലഭ്യത, മാനവവിഭവശേഷി, സാങ്കേതിക വിഭവങ്ങൾ, ഫീൽഡ് സാഹചര്യങ്ങൾ, നിയമപരമായ നടപടിക്രമങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നതിനാൽ നിലവിൽ കൃത്യമായ ഒരു പൂർത്തീകരണ തീയതി നിർണ്ണയിക്കുവാൻ സാധ്യമല്ല. എന്നിരുന്നാലും, നിലവിലുള്ള സംവിധാനങ്ങളും വിഭവങ്ങളും പരമാവധി പ്രയോജനപ്പെടുത്തി പദ്ധതി പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** സംസ്ഥാനത്ത് നിലവിൽ എത്ര വില്ലേജുകൾ ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്ര വില്ലേജുകളിൽ സർവ്വേ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** നിലവിൽ 228 വില്ലേജുകളുടെ ഡിജിറ്റൽ സർവെ ജോലികൾ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും, 146 വില്ലേജുകൾ 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും, 221 വില്ലേജുകളിൽ|ഫീൽഡ് സർവെ ജോലികൾ പുരോഗതിയിലും, 244 വില്ലേജുകളുടെ റിക്കാർഡ് ശേഖരണം, ഡിജിറ്റൈസേഷൻ, തുടങ്ങിയ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നതുമാണ്.

**(സി)** പാലക്കാട് ജില്ലയിൽ ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ച വില്ലേജുകളും സർവ്വേ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന വില്ലേജുകളും ഏതൊക്കെയാണെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** പാലക്കാട് ജില്ലയിൽ 13 വില്ലേജുകളുടെ ഡിജിറ്റൽ സർവെ പൂർത്തീകരിച്ചിട്ടുള്ളതും, 5 വില്ലേജുകളുടെ 9(2) പ്രസിദ്ധീകരിച്ചിട്ടുള്ളതും, 22 വില്ലേജുകളുടെ സർവെ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമാണ്. ടി വില്ലേജുകളുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചുവടെ ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം -1

| SL No. | District | Taluk | Village Name | % of Completion | Remarks |
|---|---|---|---|---|---|
| 1 | പാലക്കാട് | പട്ടാമ്പി | തൃത്താല | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 2 | പാലക്കാട് | പട്ടാമ്പി | പട്ടിത്തറ | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 3 | പാലക്കാട് | പട്ടാമ്പി | കപ്പൂർ | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 4 | പാലക്കാട് | പട്ടാമ്പി | ആനക്കര | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 5 | പാലക്കാട് | പട്ടാമ്പി | തിരുമിറ്റക്കോട് 1 | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 6 | പാലക്കാട് | പട്ടാമ്പി | തിരുമിറ്റക്കോട് 2 | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 7 | പാലക്കാട് | പട്ടാമ്പി | നാഗലശ്ശേരി | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 8 | പാലക്കാട് | മണ്ണാർക്കാട് | തച്ചനാട്ടുകര 1 | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 9 | പാലക്കാട് | മണ്ണാർക്കാട് | തച്ചനാട്ടുകര 2 | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 10 | പാലക്കാട് | മണ്ണാർക്കാട് | കൊട്ടോപ്പാടം II | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 11 | പാലക്കാട് | മണ്ണാർക്കാട് | കൊട്ടോപ്പാടം III | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 12 | പാലക്കാട് | മണ്ണാർക്കാട് | അലനല്ലൂർ I | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 13 | പാലക്കാട് | മണ്ണാർക്കാട് | അലനല്ലൂർ II | 100.0 | 13 പ്രസിദ്ധീകരിച്ചു |
| 14 | പാലക്കാട് | പട്ടാമ്പി | പട്ടാമ്പി | 100.0 | 9(2) പ്രസിദ്ധീകരിച്ചു |
| 15 | പാലക്കാട് | പട്ടാമ്പി | ചാലിശ്ശേരി | 100.0 | 9(2) പ്രസിദ്ധീകരിച്ചു |
| 16 | പാലക്കാട് | ചിറ്റൂർ | തേക്കേദേശം | 100.0 | 9(2) പ്രസിദ്ധീകരിച്ചു |
| 17 | പാലക്കാട് | പാലക്കാട് | മരുതറോഡ് | 100.0 | 9(2) പ്രസിദ്ധീകരിച്ചു |
| 18 | പാലക്കാട് | ആലത്തൂർ | മാത്തൂർ 1 | 100.0 | 9(2) പ്രസിദ്ധീകരിച്ചു |
| 19 | പാലക്കാട് | ആലത്തൂർ | കുത്തന്നൂർ – 1 | 100.0 | പുരോഗതിയിൽ |
| 20 | പാലക്കാട് | ആലത്തൂർ | വണ്ടാഴി 1 | 100.0 | പുരോഗതിയിൽ |
| 21 | പാലക്കാട് | അട്ടപ്പാടി ട്രൈബൽ | ഷോളയൂർ | 32.4 | പുരോഗതിയിൽ |
| 22 | പാലക്കാട് | ഒറ്റപ്പാലം | വാണിയംകുളം 1 | 100.0 | പുരോഗതിയിൽ |
| 23 | പാലക്കാട് | പാലക്കാട് | കോങ്ങാട് 1 | 100.0 | പുരോഗതിയിൽ |
| 24 | പാലക്കാട് | ഒറ്റപ്പാലം | നെല്ലായ | 100 | പുരോഗതിയിൽ |

| | | | | | |
|---|---|---|---|---|---|
| 25 | പാലക്കാട് | അട്ടപ്പാടി ട്രൈബൽ | അഗളി | 45.6 | പുരോഗതിയിൽ |
| 26 | പാലക്കാട് | പാലക്കാട് | കണ്ണാടി – 1 | 100.0 | പുരോഗതിയിൽ |
| 27 | പാലക്കാട് | ചിറ്റൂർ | നെന്മാറ | 100.0 | പുരോഗതിയിൽ |
| 28 | പാലക്കാട് | പാലക്കാട് | അകത്തേത്തറ | 100.0 | പുരോഗതിയിൽ |
| 29 | പാലക്കാട് | അട്ടപ്പാടി ട്രൈബൽ | കോട്ടത്തറ | 98.5 | പുരോഗതിയിൽ |
| 30 | പാലക്കാട് | പട്ടാമ്പി | ഓങ്ങല്ലൂർ – II | 93.7 | പുരോഗതിയിൽ |
| 31 | പാലക്കാട് | ഒറ്റപ്പാലം | ഒറ്റപ്പാലം I | 79.1 | പുരോഗതിയിൽ |
| 32 | പാലക്കാട് | ചിറ്റൂർ | പെരുമാട്ടി | 95.7 | പുരോഗതിയിൽ |
| 33 | പാലക്കാട് | ഒറ്റപ്പാലം | ഷൊർണ്ണൂർ –1 | 77.5 | പുരോഗതിയിൽ |
| 34 | പാലക്കാട് | ചിറ്റൂർ | കൊല്ലങ്കോട് – 1 | 90.1 | പുരോഗതിയിൽ |
| 35 | പാലക്കാട് | പട്ടാമ്പി | പരുതൂർ | 52.9 | പുരോഗതിയിൽ |
| 36 | പാലക്കാട് | ചിറ്റൂർ | വല്ലങ്ങി | 86.6 | പുരോഗതിയിൽ |
| 37 | പാലക്കാട് | ആലത്തൂർ | കിഴക്കഞ്ചേരി – 2 | 11.0 | പുരോഗതിയിൽ |
| 38 | പാലക്കാട് | പാലക്കാട് | പാലക്കാട് – 2 | 97.8 | പുരോഗതിയിൽ |
| 39 | പാലക്കാട് | ചിറ്റൂർ | അയിലൂർ | 56.0 | പുരോഗതിയിൽ |
| 40 | പാലക്കാട് | ഒറ്റപ്പാലം | ലക്കിടിപേരൂർ | 24.9 | പുരോഗതിയിൽ |